# 5

# ക്രിസ്തു മുഖാന്തരമുള്ള നിരപ്പ്

## കൊലൊസ്യർ 1:21– 23

വാക്യങ്ങൾ 21 മുതൽ 23 വരെ, പൗലൊസ് കൊലൊസ്യരുടെ മുമ്പിലത്തെ നഷ്ടപ്പെട്ട അവസ്ഥയെ കുറിച്ചായിരുന്നു ചർച്ച ചെയ്തത്. അവർ വിശ്വാസത്തിൽ നിലനിന്നാൽ അവർ ദൈവമുൻപാകെ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കും, കാരണം യേശുവിന്റെ മരണം മുഖാന്തരം അവർക്ക് നിരപ്പ് ലഭിച്ചു.

### അവരുടെ മുമ്പിലത്തെ അവസ്ഥ (1:21)

**21മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസുകൊണ്ട് അകന്നവരും, ശത്രുക്കളുമായിരുന്നു.**

**"മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസുകൊണ്ട് അകന്നവരും, ശത്രുക്കളും" (1:21)**

അവരുടെ മുമ്പെയുള്ള അവസ്ഥയെ പൗലൊസ് ആദ്യം ഓർപ്പിച്ചു പറഞ്ഞു: **മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസുകൊണ്ട് അകന്നവരും, ശത്രുക്കളുമായിരുന്നു.** ഈ വാക്യത്തിനുപുറമെ "അകന്നവർ" (*അപാല്ലോട്രൈയു*) എന്നു പറഞ്ഞിരിക്കുന്നത് എഫെസ്യർ 2:12 ലും 4:18 ലും മാത്രമാണ്, അവിടെ തർജിമ ചെയ്തിരിക്കുന്നത് "അന്യർ" എന്നാണ്. എഫെസ്യ ലേഖനത്തിൽ അത് പ്രത്യേകമായി ജാതികളെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ ഇവിടെ വിശാലമായ അർത്ഥത്തിൽ, കൊലൊസ്യരുടെ വിവിധ പശ്ചാത്തലത്തിലുള്ളവർ കൂടിവരുന്നതിനെ സൂചിപ്പിച്ചിരിക്കുകയാണ് (കൊലൊ. 3:11). "ഹോസ്റ്റൈൽ" (*എക്ത്രോസ്*) പലപ്പോഴും തർജിമ ചെയ്തിരിക്കുന്നത് "ശത്രു" എന്നാണ് (മത്താ. 5:43). മുമ്പ്, കൊലൊസ്യർ ദൈവത്തിൽനിന്നും അകന്നായിരുന്നു ജീവിച്ചിരുന്നത്. അവരുടെ മനസുകൊണ്ട്, അവർ ദൈവത്തിന്റെ ശത്രുക്കളായി മാറിയിരുന്നു–അത് ദൈവം ആഗ്രഹിച്ചതുകൊണ്ടായിരുന്നില്ല, മറിച്ച്, അവർ സ്വയമായി ദൈവത്തോട് മൽസരിച്ചതു നിമിത്തമായിരുന്നു.

അവരുടെ മനോഭാവം പാപ പരിശീലനത്തിലേക്ക് തിരിഞ്ഞതിനാൽ, മറ്റെല്ലാവരേയും പോലെ (റോമ. 3:23), അവരുടെ പാപത്താൽ അവർ ദൈവത്തിൽനിന്നും അകന്നുപോയി (യെശ. 59:1, 2). അവർ ദൈവത്തോട് മൽസരിച്ചതിനാൽ, അവർ ദൈവത്തെ ഉപേക്ഷിക്കുകയും ദൈവം അവരെ തള്ളിക്കളയുകയും ചെയ്തിരുന്നു. അഭക്തമായ ചിന്തയിൽനിന്നാണ് ദുഷിച്ച പ്രവൃത്തികളുണ്ടാകുന്നത്. തൽഫലമായി, ദൈവത്തോട് ശത്രുത വെച്ചുപുലർത്തുന്നവരെ ദൈവവും ശത്രുക്കളായി കാണും (ലേവ്യ. 26:21, 23, 24, 27, 28, 40, 41). യേശു സാധ്യമാക്കിയ നിരപ്പ് സ്വീകരിപ്പാൻ ലോകമനസുള്ള ഒരു വ്യക്തിക്ക് ബുദ്ധിമുട്ടാണ്.

"മനസ്" (*ഡൈയാനോയിയ*) ചിന്തയുടേയും മനസിലാക്കലിന്റേയും ഉറ

വിടത്തെയാണ് വ്യക്തമാക്കുന്നത്. ചിലപ്പോൾ അത് *കാർഡിയ*യുടെ പര്യായമായി ഉപയോഗിച്ചിട്ടുണ്ട്, നന്മയുടേയും തിന്മയുടേയും പ്രവൃത്തികളുടെ ഉറവിടത്തെയാണ് അത് സൂചിപ്പിക്കുന്നത്. ദുർച്ചിന്തയിൽനിന്നാണ് ദുഷ്പ്രവൃത്തികളുണ്ടാകുന്നത് (ഉല്. 8:21; സങ്കീ. 10:3, 4).

ജാതികൾക്ക് ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചു മതിയായ തെളിവുകൾ ലഭിച്ചിട്ടും അവർ ദൈവത്തിന്റെ യാഥാർത്ഥ്യത്തെ സ്വീകരിക്കാതെ തള്ളിക്കളഞ്ഞിരുന്നു (റോമ. 1:19, 20). സർവ്വദേശീയമായിട്ടായിരുന്നു അവർ ദൈവത്തെ തള്ളിക്കളഞ്ഞത് (റോമ. 1:28). പൗലൊസ് എഴുതി,

> ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതെന്തെന്നാൽ, ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടന്നതുപോലെ, നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം ഹൃദയകാഠിന്യം നിമിത്തം തന്നെ ദൈവത്തിന്റെ ജീവനിൽനിന്നകന്നു (എഫെ. 4:17, 18).

അവർ ദൈവത്തെ തങ്ങളുടെ ചിന്തയിൽനിന്നു മാറ്റി നിർത്തിയതുകൊണ്ടാണ് ദുഷ്പ്രവൃത്തിക്കാരായത് (റോമ. 1:28-32).

ദുഷ്പ്രവൃത്തിക്കാർ ദൈവത്തിന്റെ ശത്രുക്കളാണ്. യാക്കൊബ് എഴുതി, “ലോക സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു” (യാക്കൊ. 4:4). യേശുവിന്റെ ത്യാഗം മൂലം ദൈവത്തോട് നിരപ്പിലാകുവാൻ ദൈവം അവസരം ഒരുക്കി. “ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്നശേഷം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും” (റോമ. 5:10).

ദൈവം പാപവും മൽസരവും വെറുക്കുന്നു എന്നതിനാലാണ് നിരപ്പ് ആവശ്യമായി വരുന്നത് (സങ്കീ. 5:5; 11:5; സദൃശ. 6:16, 19; യിരെ. 12:8; എബ്രാ. 1:9). ദുഷ്പ്രവൃത്തിക്കാർ ദൈവേഷ്ടത്തിനു വിരുദ്ധമായി തുടർച്ചയായി അവനെ തള്ളിക്കളഞ്ഞാൽ, ദൈവം അവരെ പിന്നെ സ്നേഹിക്കാതെ വെറുക്കുക തന്നെ ചെയ്യും (ഹോശെ. 9:15). യേശുവിനെയും അവന്റെ സത്യത്തെയും പിൻ പറ്റാതിരിക്കുന്നവർക്കുനേരെ ദൈവത്തിന്റെ കോപം സ്വർഗത്തിൽനിന്നു വരും (യോഹ. 3:36; റോമർ. 1:18; 2:5, 8; എഫെ. 5:6; കൊലൊ. 3:6).

ദൈവത്തിന്റെ നീതി പാപത്തിനുള്ള ശിക്ഷ ആവശ്യപ്പെടുന്നു. ആ ആവശ്യം യേശുവിന്റെ മരണത്താൽ നിറവേറപ്പെടുന്നതിനാൽ, യേശുവിനെ അനുസരിക്കുന്നവരെ ദൈവം സ്വീകരിക്കും (എബ്രാ. 5:9). ദൈവം തന്റെ ഭാഗത്തുനിന്നു പാപികളെ നിരപ്പിക്കുവാൻ ആവശ്യമായതെല്ലാം ചെയ്തതുകൊണ്ട്, ആളുകളുടെ ശത്രുതാ മനോഭാവം മാറ്റി നിരപ്പ് അന്വേഷിക്കണം.

## ക്രിസ്തുവിന്റെ മരണം മുഖാന്തരമുള്ള അവരുടെ നിരപ്പ് (1:22)

**22 നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ**

**തന്റെ മരണത്താൽ നിരപ്പിച്ചു.**

**"അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു" (1:22)**

കൊലൊസ്യർ മനസുകൊണ്ട് ദൈവത്തോടു ശത്രുതയിലും തൻനിമിത്തം അവർ ദൈവകോപത്തിലും ആയിരുന്നുവെങ്കിലും, യേശുവിന്റെ മരണത്താൽ അവർക്ക് ദൈവത്തോടു സൗഹൃദബന്ധം പുതുക്കുവാൻ കഴിഞ്ഞു. പൗലൊസ് പറഞ്ഞു, **ഇപ്പോൾ ജഡത്തിൽ തന്റെ മരണത്താൽ അവരെ നിരപ്പിച്ചു**. ഇത് വാക്യം 20 ലെ പ്രയോഗത്തോട് യോജിക്കുന്നു, "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ സമാധാനം ഉണ്ടാക്കി."

രണ്ടു കാര്യങ്ങളാണ് യേശുവിന്റെ മരണം സാധ്യമാക്കിയത്: (1) നിരപ്പിനു തടസമായിരുന്ന പാപത്തെ അവൻ നീക്കി, (2) അവന്റെ മനസലിവും സ്നേഹവും നിമിത്തം മനസുകൊണ്ട് ശത്രുക്കളായിരുന്നവരെ ദൈവത്തിന്റെ മിത്രങ്ങളാകുവാൻ അവൻ പ്രചോദിപ്പിച്ചു. ക്രൂശിലെ മരണത്താൽ യേശു കാണിച്ച മൃദുലമായ കരുതൽ കഠിന ഹൃദയരായവരുടെ ഹൃദയത്തെ സ്പർശിച്ചില്ലെങ്കിൽ, മറ്റൊന്നിനും ആ മനുഷ്യരെ ദൈവത്തിന്റെ സ്നേഹിതരാക്കുകയില്ലായിരിക്കാം. ഇതിലും കുറഞ്ഞ ഒരു ലക്ഷ്യമായി അബ്രഹാം തന്റെ മകൻ യിസഹാക്കിനെ ദൈവത്തിനു യാഗം കഴിക്കുവാൻ ഒരുങ്ങിയതിനാൽ അവൻ ദൈവത്തിന്റെ സ്നേഹിതനായി മാറിയത് കാണാം (യാക്കൊ. 2:22, 23).

ആത്മാവായി, യേശുവിന് പാപത്തിനുള്ള യാഗമായി തീരുവാൻ കഴിയുകയില്ല. മനുഷ്യനു ദേഹത്തെ കൊല്ലുവാൻ മാത്രമെ പറ്റു (മത്താ. 10:28). യേശു ഒരു മനുഷ്യശരീരം എടുത്തു (എബ്രാ. 10:5) നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ചു. തന്റെ ശരീരത്തിലെ മരണം നിമിത്തം യേശു പിതാവിങ്കലേക്ക് വഴി തുറന്നു. മൃഗയാഗം പാപങ്ങളെ നീക്കുവാൻ പര്യാപ്തമായിരുന്നില്ല (എബ്രാ. 10:1–4), അവ വരുവാനിരുന്ന യേശുവിന്റെ മരണത്തിന്റെ ഒരു നിഴൽ മാത്രമായിരുന്നു (എബ്രാ. 10:19, 20).

"ജഡിക ശരീരം" (*ടു സോമാ ടെസ് സാർകൊസ്*, "ജഡശരീരം") യേശു ജഡത്തിൽ വന്നില്ല എന്ന എതിർക്രിസ്തുക്കളുടെ ഉപദേശത്തെ ഖണ്ഡിക്കുന്നതാണ് (2 യോഹ. 7). യേശു ആത്മാവാകയാൽ, അവൻ ഒരിക്കലും മനുഷ്യശരീരത്തിൽ ആയിട്ടില്ല എന്ന വിശ്വാസക്കാരാണ് നോസ്റ്റിക്കുകാർ. ഭൗതികമായത് ദൈവപ്രകൃതിക്ക് നേരെ എതിരായതിനാൽ, അവന് ജഡത്തിൽ വസിപ്പാൻ സാധ്യമല്ല എന്നാണ് അവർ പഠിപ്പിക്കുന്നത്. പരിശുദ്ധാത്മാവ് പൗലൊസിൽ കൂടെ നോസ്റ്റിക്സുകാരുടെ ദുരുപദേശത്തെ നേരിടുവാൻ ക്രിസ്ത്യാനികളെ ഒരുക്കുകയായിരുന്നു (1 തിമൊ. 4:1). ജഡത്തെ കുറിച്ച് അപ്പൊസ്തലൻ കൂടുതലായി 2:11 ൽ പറയുന്നുണ്ട്.

തെറ്റിപ്പോയ ഒരു മകൻ പിതാവിനോട് നിരപ്പിലാകുന്ന ഒരു ഉപമ യേശു പറഞ്ഞു. അവൻ തന്റെ പിതാവിന്റെ വീടുവിട്ട് സ്വർഗത്തോടും പിതാവിനോടും പാപം ചെയ്തു തന്റെ അവകാശം വാങ്ങി സ്വത്ത് (അപ്പന്റെ സമ്പാദ്യത്തിൽ പകുതി) ദുർവിനിയോഗം ചെയ്തു. അങ്ങനെ ചെയ്തതിനാൽ അവൻ അപ്പനെതിരായി പാപം ചെയ്യുകയും, അപ്പനിൽനിന്ന് അകലുകയും ചെയ്തു. എങ്കിലും, പിതാവ് അവനെ തിരിച്ച് സ്വീകരിക്കുവാൻ തയ്യാറായി. പിതാവ് പുത്രന്റെ അടുക്കലേക്കല്ല പോയത്; മകൻ അപ്പന്റെ അടുക്കലേക്ക് മടങ്ങി വരികയായിരുന്നു (ലൂക്കൊ. 15:11–24). അപ്പനും മകനും തമ്മിലുള്ള നിരപ്പ്

സംഭവിച്ചത് അപ്പന്റെ വീട്ടിലായിരുന്നു.

അതുപോലെ, പാപം നിമിത്തമാണ് മനുഷ്യർ ദൈവത്തിൽനിന്നു വേർപെട്ടത്. ലോകത്തിന്റെ പാപം തന്നിൽ ഏറ്റെടുത്തുകൊണ്ടാണ് യേശു പിതാവിനോടുള്ള നിരപ്പ് സാധ്യമാക്കിയത് (1 പത്രൊ. 2:24). യേശു ജഡത്തിൽ മരിച്ചതിനാൽ, ദൈവം നിരപ്പിന് അവസരമൊരുക്കി; എന്നാൽ മനുഷ്യർക്ക് ആ നിരപ്പ് ലഭിക്കുവാൻ അവർ ക്രിസ്തുവിൽ ദൈവത്തെ അഭിമുഖീകരിക്കണം.

പൗലൊസ് കൊരിന്ത്യർക്ക് എഴുതി, “ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചുപോന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു” (2 കൊ. 5:19). ദൈവത്തോട് നിരപ്പാകുവാൻ ആ സഹോദരന്മാരെ അവൻ പ്രബോധിപ്പിച്ചു (വാ. 20). പാപങ്ങളെ ക്ഷമിക്കുവാൻ ആളുകൾ ക്രിസ്തുവിൽ ആകുവാനാണ് ദൈവം നോക്കുന്നത്. ദൈവത്തോടുള്ള നിരപ്പ് ക്രിസ്തുവിൽ മാത്രമാണുള്ളത്; ക്രിസ്തുവിനു പുറത്തു അതു ലഭിക്കുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ദൈവഭാഗത്തുനിന്നു നമ്മുടെ നിരപ്പിനാവശ്യമായതെല്ലാം ക്രിസ്തു ചെയ്തു കഴിഞ്ഞു. ആളുകൾ ക്രിസ്തുവിൽ ആകുവാൻ പ്രവർത്തിക്കുമ്പോഴാണ് അവർ ദൈവത്തോട് നിരപ്പ് പ്രാപിക്കുന്നത്. ഇങ്ങനെയാണ് ദൈവത്തിനും മനുഷ്യർക്കും യോജിക്കുവാനും സൗഹൃദത്തിലാകുവാനും കഴിയുന്നത്. സ്നാനം മുഖാന്തരമാണ്, ആളുകൾക്ക് ക്രിസ്തുവിനോട് ചേരുവാൻ കഴിയുന്നത് (റോമ. 6:3; ഗലാ. 3:26, 27).

### “നിങ്ങളെ അവന്റെ മുമ്പാകെ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരും ആയി നിറുത്തേണ്ടതിന്നു” (1:22)

യേശുവിന്റെ മരണത്തിന്റെ ഉദ്ദേശം പൗലൊസ് വ്യക്തമാക്കി: **അവന്റെ മുമ്പാകെ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്ന്.** സകല പാപവും നീങ്ങപ്പെടുവാനുള്ള യാഗമായി അവന്റെ ശരീരത്തെ ഏൽപിക്കുന്നതിനാൽ, കൊലൊസ്യർ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി തീരുവാൻ യേശു വഴിയൊരുക്കി. അവൻ അവരെ നിരപ്പിച്ച് തന്റെ മുമ്പാകെ വിശുദ്ധരും കുറ്റമില്ലാത്തവരുമാക്കി നിറുത്തി. ശുദ്ധീകരിക്കപ്പെട്ടവർ ഏതവസ്ഥയിലാണ് തന്റെ മുൻപിൽ ആകുന്നതെന്ന് പൗലൊസ് മൂന്നു നാമവിശേഷങ്ങൾ ഉപയോഗിച്ചാണ് പറയുന്നത്:

1. “വിശുദ്ധർ” (*ഹാഗിയോയി*) നിർമ്മലതയുടെ ക്രിയാത്മക അവസ്ഥയാണ്. ആ യോഗ്യതയാണ് ലോകത്തിലെ ദുഷ്ടമനുഷ്യരിൽനിന്നു കൊലൊസ്യരെ വേർതിരിക്കുന്നത്. അതേ വാക്കാണ് 1:2 ൽ “വിശുദ്ധർ” എന്ന് തർജിമ ചെയ്തിരിക്കുന്ന വാക്കിനും ഉപയോഗിച്ചിരിക്കുന്നത്.
2. “നിഷ്ക്കളങ്കർ” (*അമോമോയി*) അർത്ഥം എന്തെന്നാൽ കൊലൊസ്യരെ യേശു അവതരിപ്പിച്ചത്, കറയും കളങ്കവും ഇല്ലാത്തവരായിട്ടാണ്. യേശുവിന്റെ രക്തത്താൽ അവരെ നിർമ്മലീകരിച്ചതിനാൽ, അവരിൽ തെറ്റ്-ഒന്നും കാണുകയില്ല. സഭയെ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിച്ച് നിർമ്മലീകരിച്ചതായി പറയുന്ന വാക്ക് *അമോമോയി* ആണ് (എഫെ. 5:26, 27; കൂടാതെ എഫെ. 1:4; യൂദാ. 24; വെളി. 1:5 നോക്കുക). കൂടാതെ, എബ്രായർ 9:14 ലും, 1 പത്രൊസ് 1:19 ലും, അത്

യേശുവിനെ കുറിച്ചു പറഞ്ഞിരിക്കുന്നു, അവിടെ അവനെ പറഞ്ഞിരിക്കുന്നത് ഊനമില്ലാത്ത കുഞ്ഞാട് ആയിട്ടാണ്. ആ വാക്ക് പുതിയ നിയമത്തിൽ മറ്റൊരിടത്തും കാണുന്നില്ല.

3. ''കുറ്റമില്ലാത്തവർ'' (*അനെഗ്ക്ലെറ്റോയി*) യേശുവിന്റെ രക്തത്താൽ അവരുടെ പാപക്കറകളെല്ലാം കഴുകി ദൈവത്തോട് നിരപ്പിച്ചതിനാൽ അവർക്ക് എതിരായി കുറ്റം ആരോപിക്കുവാൻ കഴിയുകയില്ല. പൗലൊസ് മാത്രമാണ് പുതിയനിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. കർത്താവിന്റെ നാളിൽ കൊലൊസ്യർ കുറ്റമില്ലാത്തവരെന്നു യേശു ഉറപ്പിച്ചുപറയുമെന്നാണ് പൗലൊസ് ഊന്നി പറയുന്നത് (1 കൊ. 1:8). മൂപ്പന്മാരെയോ ശുശ്രൂഷകന്മാരെയോ തിരഞ്ഞെടുക്കുമ്പോൾ, അവർ കുറ്റമില്ലാത്തവരായിരിക്കണം എന്നു നിർദ്ദേശിച്ചിരിക്കയാണ് (1 തിമൊ. 3:10; തിത്തൊ. 1:6, 7).

യേശുവിന്റെ രക്തത്താൽ നിരപ്പ് ലഭിക്കുന്നതുകൊണ്ട്, ദൈവമുൻപാകെ പാപമില്ലാത്ത അവസ്ഥയിലാകുന്നതിനെ കുറിച്ചാണ് ആ മൂന്നു വാക്കുകൾ പറയുന്നത്. തന്റെ മുൻപാകെ സഭയെ കറ, ചുളുക്കം എന്നിവയൊന്നുമില്ലാതെ വെടിപ്പാക്കി നിറുത്തുന്നതിനെ കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെ. 5:25–27).

പാപപ്രവൃത്തികൾ നിമിത്തം ആരും നീതിമാന്മാരായിട്ടില്ല (റോമ. 3:9, 10); ആർക്കും ദൈവമുൻപാകെ വ്യക്തിപരമായ വിശുദ്ധിയോ, നിഷ്ക്കളങ്കതയോ, കുറ്റമില്ലാത്ത അവസ്ഥയോ ഇല്ല. അവ യേശുവിന്റെ പ്രവൃത്തിയാൽ മാത്രമാണ് വരുന്നത്. അതേ ആശയം പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു (1:4 ലും 5:27 ലും). യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടാൽ മാത്രമെ ആളുകൾക്ക് ദൈവമുൻപാകെ നേരായി തീരുവാൻ കഴിയുകയുള്ളു; അങ്ങനെ ശുദ്ധീകരിക്കപ്പെട്ടവർ കുറ്റമില്ലാത്തവരായിരിക്കും. വിശ്വാസമുള്ളവരെ ക്രിയാത്മകമായി യേശു അവരെ "വിശുദ്ധരായി നിറുത്തും"; നിഷേധ ഭാവത്തിൽ, അവരെ "നിഷ്ക്കളങ്കരും," "കുറ്റമില്ലാത്തവരുമായി" അവൻ നിറുത്തും. നിസാരമായ കുറ്റം പോലുമില്ലാത്തവരായി പാപികളെ അവൻ ശുദ്ധീകരിക്കും. അത് ആവശ്യമാണ് കാരണം പാപത്തിൽ ജീവിക്കുന്നവർ മരിക്കും (യോഹ. 8:21), അശുദ്ധരായവരൊന്നും സ്വർഗത്തിൽ പ്രവേശിക്കയുമില്ല (വെളി. 21:27).

ന്യായപ്രമാണം (മോശെ പ്രതിനിധീകരിച്ചത്; യോഹ. 5:45). അത് ലംഘിക്കുന്നവരെ കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്തിരുന്നു (ഗലാ. 3:10). യേശുവിനെ തള്ളിക്കളയുന്നവരെ വിധിക്കുന്നത് അവന്റെ വചനമാണ് (യോഹ. 12:48). യേശുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവർക്കെതിരായി ആരും കുറ്റപ്പെടുത്തുവാനായി കാണുകയില്ല. ദൈവം അവരെ കുറ്റപ്പെടുത്തുകയില്ല, കാരണം അവർ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവവരാണ്. യേശു അവരെ കുറ്റപ്പെടുത്തുകയില്ല, കാരണം അവൻ അവരുടെ പാപങ്ങൾ ചുമന്നതാണ്. സാത്താന് അവരെ കുറ്റപ്പെടുത്തുവാൻ കഴിയുകയില്ല, കാരണം അവൻ പരാജയപ്പെട്ടിരിക്കുന്നു (വെളി. 12:10). നിർമ്മലീകരിച്ചതിനാൽ, അവരുടെ മനസാക്ഷിയും അവരെ കുറ്റപ്പെടുത്തുകയില്ല (എബ്രാ. 9:14; 10:22). സ്നാനത്താലാണ് അങ്ങനെ സംഭവിക്കുന്നത് (1 പത്രൊ. 3:21). ആർക്കും അവരെ കുറിച്ചു കുറ്റം ആരോപിക്കുവാൻ കഴിയാത്തതിനാൽ അവർ കുറ്റമി

ല്ലാത്തവരായിരിക്കും.

സത്യത്തെ അനുസരിക്കുന്നതിനാലാണ് (1 പത്രൊ. 1:22), നിർമ്മലീകരണം ഒരിക്കൽ-ആയി സംഭവിക്കുന്നത്, അപ്പോൾ എല്ലാ പാപങ്ങളും കഴുകി കളയുകയാണ് (പ്രവൃ. 2:38; 22:16). വെളിച്ചത്തിൽ നടന്ന് തെറ്റുകൾ ഏറ്റുപറയുന്നവരിൽ ഈ ശുദ്ധീകരണം തുടർന്നുകൊണ്ടിരിക്കും (1 യോഹ. 1:7-9). വിശ്വാസത്തിലും, തുടർച്ചയായ ശുദ്ധീകരണത്തിലും ആയിരിക്കുന്നവർ ന്യായവിധി നാളിൽ യേശുവിന്റെ മുമ്പിൽ നിൽക്കുമ്പോൾ കുറ്റമില്ലാത്തവരായിരിക്കും.

ക്രൂശിലെ അവന്റെ യാഗം മൂലമാണ് യേശു ഈ പാപമോചനം നൽകുന്നത് (എബ്രാ. 7:27; 9:26-28; 10:10-12, 14). പാപങ്ങൾക്ക് വേണ്ടി അവൻ ആവർത്തിച്ച് യാഗം അർപ്പിക്കേണ്ട ആവശ്യമില്ല. യേശു തന്റെ യാഗം ഒരിക്കലായി പൂർത്തിയാക്കിയ ശേഷം അവൻ ഇരുന്നു. അവൻ തന്റെ പ്രവൃത്തി തികെച്ചു, അതിനാൽ അവനു ഇരിക്കുവാൻ കഴിഞ്ഞു, വീണ്ടും യാഗം അർപ്പിക്കുവാൻ എഴുന്നേൽക്കേണ്ട ആവശ്യമില്ല.

യേശു സിംഹാസനത്തിൽ ന്യായാധിപനായിരിക്കും (മത്താ. 25:31, 32; പ്രവൃ. 17:31; 2 കൊ. 5:10; 2 തിമൊ. 4:1). യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നവർക്കെതിരായി കുറ്റം വിധിക്കുവാനില്ല, കാരണം അവർ അവന്റെ ദൃഷ്ടിയിൽ കറയൊന്നുമില്ലാത്തവരായിട്ടാണ് യേശു അവരെ അവതരിപ്പിക്കുന്നത്.

## അവരിൽ വിശ്വസ്തത ആവശ്യപ്പെടുന്നു (1:23)

**[23]ആകാശത്തിൻകീഴിൽ സകലസൃഷ്ടികളുടേയും ഇടയിൽ ഘോഷിച്ചും പൗലൊസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നിൽക്കും.**

### "സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് നിങ്ങൾ ഇളകാതെ സഥിരതയുള്ളവരായി വിശ്വാസത്തിൽ നിലനിന്നാൽ" (1:23)

ഈ ലോകത്തിൽ നമ്മെ "വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി" ദൈവത്തിന് സമർപ്പിക്കുകയില്ല. അത് വിശ്വസ്തമായി അവസാനം വരെ ജീവിക്കുന്നവർക്കുള്ളതാണ്: **സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ മാത്രം ലഭിക്കും.** ("വിശ്വാസത്തിൽ" എന്ന പ്രയോഗത്തിന് ഗ്രീക്കിൽ രണ്ടു വാക്കുകളാണുള്ളത് *ടെ പിസ്ടെയി*, "വിശ്വാസം," എന്നത് ഡേറ്റിവ് കേസിലാണ്. "ഇൽ" എന്നു കൂട്ടിച്ചേർത്തിരിക്കുന്നത് "തുടർച്ച" അറിയിക്കുന്നതാണ്.)

ദൈവമുമ്പാകെ കുറ്റമില്ലാത്തവരായി നിറുത്തുമെന്നത് നിബന്ധനയോടുകൂടിയാണ്. അത് ഗ്രീക്കിൽ പ്രകടിപ്പിച്ചിരിക്കുന്നതു *എയി* ("എങ്കിൽ"). വിശ്വാസത്തിൽ നിലനിന്നവരെയാണ് ദൈവമുൻപാകെ കുറ്റമില്ലാത്തവരായി നിറുത്തുന്നത്. ഒരിക്കൽ മാത്രമുള്ള വിശ്വാസം പോരാ. നാം വിശ്വാസത്തിൽ നിലനി*ന്നാൽ* മാത്രമാണ് യേശു നമ്മെ വെടിപ്പാക്കി ദൈവമുൻപാകെ നിറു

ത്തുകയുള്ളു. “നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത് ...” (റോമ. 2:7). പാപത്തിന്റെ കുറ്റമില്ലാതെ ദൈവമുൻപാകെ നിറുത്തുന്നത് വിശ്വാസം മൂലം യേശുവിനെ വിശ്വസ്തമായി പിൻപറ്റുന്നവരെയാണ്.

> വായനക്കാർ തെറ്റുചെയ്യുന്നതിനപ്പുറമല്ല എന്ന് വാക്യം 23-ൽ ശ്രദ്ധയോടെ മുന്നറിയിച്ച് സൂചിപ്പിച്ചിരിക്കുന്നതു കാണാം. അവരുടെ രക്ഷയുടെ പ്രാഥമിക നിബന്ധന എന്തെന്നാൽ അവർ ഇളകാതെ വിശ്വാസത്തിൽ ഉറച്ച് നിന്നു സുവിശേഷത്തിന്റെ പ്രത്യാശയിൽ സമർപ്പിക്കപ്പെടുവാൻ തീരുമാനിക്കണമായിരുന്നു (ഒ. വാ. 1:5) ...[1]

ന്യായവിധിനാളിൽ, വീണ്ടെടുക്കപ്പെട്ടവരുടെ പാപത്തെ പറ്റി പറയുകയില്ല. ദൈവം പാപങ്ങൾ ക്ഷമിക്കുമ്പോൾ, അവയെ പിന്നെ ഓർക്കുകയില്ല (എബ്രാ. 8:12). യേശുവിനോടുകൂടെ നടക്കയും പാപങ്ങളെ ഏറ്റു പറയുകയും ചെയ്യുമ്പോൾ അവന്റെ രക്തം പാപങ്ങളെ തുടർച്ചയായി കഴുകിക്കൊണ്ടിരിക്കും (1 യോഹ. 1:7-10).

“എങ്കിൽ” എന്നു പറഞ്ഞു പൗലൊസ് എഴുതിയപ്പോൾ, പൗലൊസ് അർത്ഥമാക്കിയത്, വിശ്വാസത്തിൽ തുടരാത്തവരെ വിശുദ്ധരും നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തും എന്നല്ല. “വിശ്വാസത്തിൽ തുടരണം” എന്നു പറയുമ്പോൾ, വിശ്വാസത്യാഗം സംഭവിക്കുമെന്നർത്ഥം. ക്രിസ്തുവിലുള്ള വിശ്വാസം തുടരുന്നവരെ ദൈവമുമ്പാകെ നിറുത്തുകയും അവൻ അവരെ സ്വീകരിക്കുകയും ചെയ്യും.

അവർ വിശ്വാസത്തിൽ തുടർന്നാൽ, കൊലൊസ്യർ “ഇളകാത്തവരും,” “അടിസ്ഥാനപ്പെട്ടവരും,” “സ്ഥിരതയുള്ളവരും” ആയി നിലനിന്നാൽ അവരെ ദൈവമുൻപാകെ നിറുത്തും. ക്രിസ്തുവിന്റെ ഉപദേശത്തിന്റെ കേന്ദ്രബിന്ദുവാണ് “വിശ്വാസം.”[2] പൗലൊസ് വിവരിച്ച അതേ വിശ്വാസത്തിൽ നിലനിൽക്കുക എന്നതായിരിക്കണം നമ്മുടേയും ലക്ഷ്യം.

“ഇളകാതെ” (*ടെതെമെലിയോ-മെനോൻ*) ഗ്രീക്കിൽ തികഞ്ഞ അപൂർണ്ണ ക്രിയയാണ്, അത് സൂചിപ്പിക്കുന്നത് കൊലൊസ്യർ സ്ഥിരമായിരിക്കുകയും, ആ അവസ്ഥയിൽ അവർ തുടരുകയും ചെയ്യണം എന്നാണ്. ഭൂമിയിൽ ഒരു കെട്ടിടത്തിനോ വീടിനോ അടിസ്ഥാനമിടുന്നതുപോലെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത് (മത്താ. 7:25; എബ്രാ. 1:10). ആത്മികമായ അർത്ഥത്തിൽ, ഒരാളുടെ ആത്മിയ ജീവിതത്തിനുള്ള ഭദ്രമായ അടിത്തറയാണ് (എഫെ. 3:17).

“അടിസ്ഥാനം” (*ഹെഡ്റായിയോയി*) ഉറച്ചിരിക്കുക എന്ന ആശയമാണ് സൂചിപ്പിച്ചിരിക്കുന്നത്. “ഇളകാതെ, സ്ഥിരമായിരിക്കുക” എന്നത് നല്ല അടിസ്ഥാനത്തിന്മേൽ പണിത ഒരു കെട്ടിടം ഉറപ്പുള്ളതായിരിക്കും എന്ന ആശയമാണ് ഇവിടെ നൽകുന്നത്. വിശ്വാസത്തിൽ തുടർന്നവരെയാണ് ദൈവമുൻപാകെ കുറ്റമില്ലാത്തവരായി നിറുത്തുന്നത്. യേശുവിന്റെ ഉപദേശത്തെ അനുസരിച്ച് ജീവിക്കുന്നവർ ഇളകാത്ത അടിസ്ഥാനത്തിൽ ജീവിക്കുന്നവരാണ്, അവർ ഉറപ്പുള്ളവരായി നിലനിന്നാൽ പരിശോധനാ സമയത്ത് ഭദ്രമായിരിക്കും (മത്താ. 7:24-27). അവനാണ് നമ്മുടെ ആത്മിയ പാറ (1 കൊ. 10:4). ആ പാറയിന്മേലാണ് സഭ പണിതിരിക്കുന്നത് (മത്താ. 16:18); മറ്റൊരു അടിസ്ഥാനമില്ല (1 കൊ. 3:11).

"ഇളകാതെ" എന്നത് കാറ്റിനേയും തിരമാലകളേയും ചെറുത്തു നിൽക്കുവാൻ ഒരു കപ്പൽ നങ്കൂരമിട്ട് ഉറപ്പിക്കുന്നതിനോട് അതിനെ ചിത്രീകരിക്കാം. ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലരുത് എന്ന് എഫെസ്യരോട് പൗലൊസ് പറയുകയുണ്ടായി (എഫെ. 4:14). കൊലൊസ്യർ തങ്ങളുടെ "പ്രത്യാശ" കണ്ടെത്തിയത് സുവിശേഷത്തിലാണെന്ന് പൗലൊസ് 1:5-ൽ പറഞ്ഞു. അവർ വിശ്വാസത്തിൽ തുടർന്നാൽ, ആ പ്രത്യാശയുടെ പ്രതിഫലം അവർക്ക് തിരിച്ചറിയാം. ദുരുപദേഷ്ടാക്കന്മാർ മറ്റു ഉപദേശങ്ങളിലേക്ക് തിരിയുവാൻ അവരെ പ്രേരിപ്പിച്ചേക്കാം (2:8); എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കൊലൊസ്യർ യേശുവിന്റെ ഉപദേശരൂപത്തെ അനുസരിക്കണം.

**"ഘോഷിച്ചതും, നിങ്ങൾ കേട്ടതും ... പൗലൊസ് ശുശ്രൂഷകനുമായിരിക്കുന്ന സുവിശേഷം" (1:23)**

നിങ്ങൾ **കേട്ട സുവിശേഷമായിരുന്നു** ഉപദേശം, അത് **ആകാശത്തിൻകീഴിൽ സകല സൃഷ്ടികളോടും ഘോഷിച്ചതും, പൗലൊസ് ശുശ്രൂഷകൻ ആയിരുന്നതുമാണ്**. ഇവിടെയാണ് പൗലൊസ് കൊലൊസ്യ ലേഖനത്തിൽ ആദ്യമായി "ഞാൻ" എന്ന വാക്ക് ഉപയോഗിച്ചത് (ആദ്യ ഏകവചന വ്യക്തി), അവനാണ് ലേഖനം എഴുതിയത് എന്ന് അത് വ്യക്തമാക്കുന്നു.

കൊലൊസ്യർ എപ്പഫ്രാസിൽനിന്നാണ് സുവിശേഷം ''കേട്ടത്'' (1:7 നോക്കുക). ദൈവത്തിന്റെ സന്ദേശവാഹകർ എല്ലായിടത്തും പ്രസംഗിച്ച അതേ സുവിശേഷം തന്നെയായിരുന്നു അവൻ ഉപദേശിച്ചത് (മർ. 16:15). ക്രിസ്തുവിന്റെ സന്ദേശം യെഹൂദന്മാർക്കും യവനന്മാർക്കും എപ്പോഴും ഒന്നു തന്നെയാണ് (പ്രവൃ. 15:11; റോമ. 1:16; 2:6–11). അതേ ആവശ്യങ്ങളും, നിബന്ധനകളും, സ്വാതന്ത്ര്യങ്ങളും, വാഗ്ദാനങ്ങളും, അനുഗ്രഹങ്ങളുമാണ് എല്ലാ ക്രിസ്ത്യാനികൾക്കും ഇന്നുമുള്ളത്.

സുവിശേഷത്തിന്റെ മഹാ സന്ദേശം "ആകാശത്തിൻ കീഴിൽ സകല സൃഷ്ടികളോടും ഘോഷിച്ചു" (വാ. 23). "സകല" എന്നത് 1:6 ലേതുപോലെ, ലേഖകൻ ഉദ്ദേശിച്ച തരത്തിലുള്ളതാണ്, അല്ലാതെ സാധ്യമായ എല്ലാ കാര്യങ്ങളുമല്ല. ഭൂമിയുടെ എല്ലാ ഭാഗത്തും സുവിശേഷം എത്തി എന്ന അർത്ഥമല്ല പൗലൊസ് അവിടെ പറഞ്ഞത്. ലൂക്കൊസ് 2:1–3 ൽ എല്ലാവരും ചാർത്തപ്പെടേണ്ടതിന്നു ഒരു കൽപന പുറപ്പെടുവിച്ചു. അവിടെ "എല്ലാവരും" ചാർത്തപ്പെടേണം എന്നു പറഞ്ഞിരിക്കുന്നത് ലോകത്തിലുള്ള *എല്ലാവരും* എന്നല്ല, മറിച്ച് റോമാ സാമ്രാജ്യത്തിലുള്ള എല്ലാവരും എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്. ഏലിയാവിന്റെ കാലത്ത് ദേശത്ത് "എങ്ങും" ക്ഷാമമുണ്ടായതായി പറഞ്ഞിരിക്കുന്നു (ലൂക്കൊ. 4:25), അർത്ഥമാക്കുന്നത് യിസ്രായേൽ ദേശത്ത് എന്നാണ്. "സകലവും" എന്നു പറഞ്ഞിരിക്കുന്നതിനു പലപ്പോഴും മിതമായ വ്യാപ്തിയാണുള്ളത്. "സകല സൃഷ്ടികളും" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, അവർ ഉപദേശിച്ചത് യെഹൂദന്മാരെ മാത്രമായിരുന്നില്ല എന്നാണ്; സുവിശേഷ ക്ഷണത്തിൽ ജാതികളുടെ ലോകത്തെയും ഉൾപ്പെടുത്തിയിരുന്നു.

പൗലൊസ് തന്നെ കുറിച്ച് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ "ശുശ്രൂഷകൻ" (*ഡയാക്കോണോസ്*) എന്നാണ് പറഞ്ഞത്. 1:7-ൽ എപ്പഫ്രാസിനെ കുറിച്ച് പറയുമ്പോഴും അവൻ ആ വാക്ക് ഉപയോഗിച്ചിരുന്നു, അവിടെ തർജ്ജിമ ചെയ്തിരിക്കുന്നത് "ഭൃത്യൻ" എന്നാണ്.

സുവിശേഷത്തിൽ സത്യ ശുശ്രൂഷകനും ക്രിസ്തുവിന്റെ ഭൃത്യനും എന്ന

നിലയിൽ, അവന്റെ സന്ദേശം സർവ്വലോകത്തിലും എത്തേണ്ട ആവശ്യകത കൊലൊസ്യർ തിരിച്ചറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. സുവിശേഷം എവിടെയും എല്ലാവർക്കും ഉള്ളതാണ്.

## പ്രായോഗികത

### ക്രിസ്തു മുഖാന്തരമുള്ള നിരപ്പ്

ചിലപ്പോൾ രണ്ട് പേർ തമ്മിൽ പോരാട്ടമുണ്ടാകുകയും, തൽഫലമായി അവർ വേർപെടുകയും ചെയ്യും. അതല്ലെങ്കിൽ ഒരാൾ മറ്റൊരാൾക്ക് ഇടർച്ച വരുത്തും, ഇടർച്ച നേരിട്ടയാൾ പിൻവലിയുകയും ചെയ്യും. ആളുകളെ തിരിച്ച് യോജിപ്പിക്കുവാൻ നിരപ്പ് ആവശ്യമാണ്.

പാപം നിമിത്തം മനുഷ്യർ ദൈവത്തെ വേദനിപ്പിച്ചു. അങ്ങനെ അവർ ദൈവത്തിൽനിന്നും അകന്നുപോയി. അതുകൊണ്ട് നിരപ്പ് ആവശ്യമായി വന്നു. നിരപ്പിന് മൂന്നു കക്ഷികളെങ്കിലും വേണം: ദ്രോഹിച്ചയാൾ, ദ്രോഹിക്കപ്പെട്ടയാൾ, മദ്ധ്യസ്ഥൻ. മനുഷ്യരുടെ പാപം നിമിത്തം ഉണ്ടാകുവാനിടയുള്ള ബന്ധത്തിലുള്ള വിള്ളൽ ദൈവം മുൻകണ്ടതിനാൽ, നിരപ്പ് സാധ്യമാക്കുവാൻ അവൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു.

*മനുഷ്യരാണ് ദ്രോഹിച്ചവർ.* ആദാം മുതൽ അവന്റെ പിൻഗാമികളെല്ലാം പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു (റോമ. 3:23). ദൈവവഴിയോടുള്ള മൽസരം അവരെ ദൈവത്തിൽനിന്നും അകറ്റി. അവൻ വെളിച്ചമാണ്, അവനിൽ ഇരുട്ട് ഒട്ടുമില്ല (1 യോഹ. 1:5). പാപത്തിന്റെ ഇരുട്ടിൽ ജീവിക്കുന്നവർക്ക് ദൈവത്തോട് കൂട്ടായ്മ ഇല്ല (1 യോഹ. 1:6). നമ്മുടെ പാപങ്ങളാണ് നമ്മെ ദൈവത്തിൽനിന്നും അകറ്റിയത് (യെശ. 59:1, 2). ക്ഷമിക്കപ്പെടാത്ത പാപികൾ അന്യരായിരിക്കും (എഫെ. 2:13), അവരുടെ ദുഷ്പ്രവൃത്തികൾ നിമിത്തം അവർ ദൈവത്തിൽനിന്നും അകന്നിരിക്കും (കൊലൊ. 1:21).

*ദൈവത്തെയാണ് ദ്രോഹിച്ചിരിക്കുന്നത്.* ദൈവം നീതിയെ ഇഷ്ടപ്പെടുകയും പാപത്തെ വെറുക്കുകയും ചെയ്യുന്നു (എബ്രാ. 1:9). സകല അഭക്തിക്കും എതിരായി ദൈവത്തിന്റെ കോപം ഉണ്ടാകും (റോമ. 1:18). ദുഷ്പ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം വെറുക്കുന്നു (സങ്കീ. 5:5; 11:5), സഹോദരങ്ങൾക്കിടയിൽ വഴക്കുണ്ടാക്കുന്നവനെയും, കള്ളസാക്ഷ്യം പറയുന്നവനെയും അവൻ വെറുക്കുന്നു (സദൃശ. 6:16-19). ആളുകൾ ദൈവത്തോട് മൽസരിച്ചാൽ, അങ്ങനെ അവർ ദൈവത്തിന്റെ വെറുപ്പു സമ്പാദിക്കും.

ദൈവത്തിന്റെ നീതിയും വിശുദ്ധിയും കാരണം, ദൈവത്തിനു പാപത്തെ ശിക്ഷിക്കാതിരിപ്പാൻ കഴിയുകയില്ല. ആരെങ്കിലും മറ്റൊരാളുടെ വീട്ടിൽ അതിക്രമിച്ചു കയറി ആ വീട്ടിലെ സാധനങ്ങൾ നശിപ്പിക്കുകയോ കവർന്നെടുക്കുകയോ ചെയ്താൽ, നഷ്ടം സംഭവിച്ച ആൾക്ക് നീതി ലഭിക്കണം എന്നത് ന്യായമാണ്. അതായത് നഷ്ടം വരുത്തിയ കുടുംബത്തിന് നഷ്ടം വരുത്തിയ ആൾ പണം കൊടുക്കണം എന്നർത്ഥം.

പാപം ദൈവത്തിന് ഇടർച്ചയാണ്. ദൈവത്തിന്റെ കോടതിയിൽ, പാപത്തിനുള്ള ശിക്ഷ മരണമാണ് (റോമ. 6:23). എല്ലാവരും മരണയോഗ്യരാണ്, കാരണം എല്ലാവരും പാപം ചെയ്തതിനാൽ ദൈവനീതി മാത്രം നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടു (റോമ. 3:23). ദൈവത്തിനു ഇടർച്ച വരുത്തുന്നതും മരണത്തിലെത്തിക്കുന്നതുമെന്താണെന്നു മനസിലാക്കുവാൻ, പാപം എന്നാൽ

എന്താണെന്ന് ദൈവം പറഞ്ഞിരിക്കുന്നത് നാം തിരിച്ചറിയണം. ചോദ്യം ചെയ്യാവുന്ന കാര്യങ്ങൾ ചെയ്താൽ പോലും നാം പാപം ചെയ്യുകയാണ് (റോമ. 14:23); നിയമത്തിനപ്പുറം സഞ്ചരിക്കുന്നത് പാപമാണ് (1 യോഹ. 3:4); അന്യായം ചെയ്യുന്നവരും പാപികളാണ് (1 യോഹ. 5:17); അല്ലെങ്കിൽ, നന്മ ചെയ്യുവാനറിഞ്ഞിട്ട് ചെയ്യാതിരുന്നാൽ അതും പാപമാണ് (യാക്കൊ. 4:17).

ദൈവത്തിന്റെ നിലവാരത്തിൽ, പാപത്തെ നോക്കുമ്പോൾ, "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" എന്ന തീർപ്പിൽ നാം എത്തണം (റോമ. 3:10). അതിനർത്ഥം നാം എല്ലാവരും ദൈവത്തിന് ഇടർച്ച വരുത്തി എന്നാണ്. നമ്മിൽ പാപം ഇല്ല എന്നോ, പാപം ചെയ്തിട്ടില്ല എന്നോ നാം പറഞ്ഞാൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയും, ദൈവത്തെ അസത്യവാദിയാക്കുകയും ചെയ്യുന്നു (1 യോഹ. 1:8, 10). പാപം കാരണത്താൽ നാം അനീതിയുള്ളവരാണ്. നമ്മിൽ ഒന്നുമില്ല. നാം ചെയ്ത പാപങ്ങൾക്ക് പരിഹാരമായി നമ്മിൽ ഒന്നുമില്ല (എഫെ. 2:8, 9).

*യേശുവാണ് നമ്മുടെ മദ്ധ്യസ്ഥൻ* (1 തിമൊ. 2:5). ദൈവത്തോട് സൗഹൃദത്തിലാകുന്നതിന് മദ്ധ്യസ്ഥനാകുവാൻ യേശുവിനു മാത്രമെ കഴിയുകയുള്ളു കാരണം: അവൻ തുല്യമായി മനുഷ്യരോടും ദൈവത്തോടും ബന്ധപ്പെട്ടിരിക്കുന്നു, സകല മനുഷ്യരേക്കാളും ഉയർന്നതാണ് അവന്റെ വില.

(1) നമ്മെ മനസിലാക്കുവാനും മദ്ധ്യസ്ഥത നിൽക്കുവാനുമാണ് യേശു മനുഷ്യനായി തീർന്നത്. അവൻ നമ്മെപോലെ ആയത് "കരുണയും വിശ്വസ്തതയുമുള്ള മഹാപുരോഹിതൻ" ആകുവാനായിരുന്നു (എബ്രാ. 2:17). "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ, പാപം കൂടാതെ സകലത്തിലും നമ്മെപോലെ പരീക്ഷിക്കപ്പെട്ടവനായത്" നമ്മെ അറിയുവാനായിരുന്നു (എബ്രാ. 4:15). അവൻ മനുഷ്യനായില്ലെങ്കിൽ, നമ്മുടെ കുഴപ്പങ്ങൾ മനസിലാക്കി നീതിപൂർവ്വമായ മദ്ധ്യസ്ഥത നടത്തുവാൻ കഴിയുമായിരുന്നില്ല.

(2) അവൻ ദൈവം ആണെന്നതിനർത്ഥം പിതാവുമായി തുല്യനായതിനാൽ മദ്ധ്യസ്ഥനാകുവാൻ പിതാവിനാൽ സമ്മതനുമായിരുന്നു എന്നാണ്. യേശു പിതാവിനും മനുഷ്യർക്കും ഒരുപോലെ തുല്യനായിരുന്നു. ജഡമെടുത്തതോടുകൂടെ (യോഹ. 1:14) അവൻ മനുഷ്യപുത്രനായി തീർന്നു (മത്താ. 9:6). അതേസമയം അവൻ ദൈവപുത്രനുമാണ് (ലൂക്കൊ. 1:35). അവനു ദൈവത്തോടും മനുഷ്യരോടും ന്യായമായി മദ്ധ്യസ്ഥത നടത്തുവാൻ കഴിയും.

(3) മനുഷ്യന്റെ പാപങ്ങൾ തന്നിൽ വഹിച്ച്, അവരുടെ പാപങ്ങൾക്കുള്ള ശിക്ഷ ഏറ്റെടുത്ത് മനുഷ്യർക്ക് ദൈവത്തോട് ഒരു സ്നേഹ ബന്ധത്തിന് യേശു വഴി ഒരുക്കി. അതിന് അവൻ പാപരഹിതനാകേണ്ടിയിരുന്നു. നമ്മെ നീതി ആക്കേണ്ടതിന് മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു നമ്മുടെ പാപങ്ങളെ സ്വയം ഏറ്റെടുത്തു (1 കൊ. 15:3; 2 കൊ. 5:21; 1 പത്രൊ. 2:24; 3:18).

(4) ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു യേശു (യോഹ. 1:29). ഒരു മനുഷ്യന്റെ മരണം, പ്രത്യേകിച്ച്, പാപിയായ ഒരു മനുഷ്യനും ലോകത്തിന്റെ പാപത്തെ ചുമന്നൊഴിപ്പാൻ കഴിയുകയില്ല. ഇതിനു ഒഴികഴിവ് ലഭിക്കുവാൻ ആരെങ്കിലും ദൈവത്തോടു തുല്യനും മനുഷ്യരേക്കാൾ ഉയർന്നവനുമായ ഒരാൾ വേണമായിരുന്നു. യേശു അത്തരം ഒരു വ്യക്തിയായിരുന്നു, കാരണം അവൻ ലോകം മുഴുവനേക്കാൾ വിലയുള്ളവനാണ്; അതുകൊണ്ട്, അവന് നമ്മുടെ എല്ലാം പാപം വഹിക്കുവാനും, നമ്മുടെ പാപക്കടം വീട്ടുവാനും കഴിയുമായിരുന്നു. അവന്റെ മരണത്താൽ

അവൻ പാപക്ഷമാപണത്തിനുള്ള വഴി തുറന്നു. ദൈവത്തോട് നിരപ്പ് പ്രാപ്തമാക്കുവാനും, ദൈവത്തിന്റെ സ്നേഹിതരാകുവാനും യേശു വഴി ഒരുക്കി.

(5) ദൈവത്തോട് നമുക്ക് സമാധാനം ഉണ്ടാകുവാൻ യേശു ക്രൂശിൽ നമുക്ക് വേണ്ടി രക്തം ചിന്തി (1:20) നമ്മെ വിശുദ്ധരും, നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തുവാൻ പ്രാപ്തരാക്കി (1:22). അതേ വാഗ്ദാനമാണ് രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭക്ക് നൽകിയിരിക്കുന്നത് (എഫെ. 5:23-27).

നാം പാപികളും ദ്രോഹികളുമാണ്, നമ്മുടെ പാപം നിമിത്തം നാം ദൈവത്തെ വേദനിപ്പിച്ചവരാണ്. പാപത്തോടുള്ള നമ്മുടെ സ്നേഹം കാരണം നാം ദൈവത്തോട് ശത്രുത്വമുള്ളവരായി തീർന്നു (യാക്കൊ. 4:4); പക്ഷെ യേശു നമുക്ക് ദൈവത്തോട് സ്നേഹിതന്മാരാകുവാൻ വഴി ഒരുക്കി. ദൈവം അതു യേശു മുഖാന്തരം സാധ്യമാക്കി (2 കൊ. 5:18, 19), അവന്നു ലോകത്തോടുള്ള സ്നേഹം നിമിത്തമാണ് ദൈവം അങ്ങനെ ചെയ്തത് (യോഹ. 3:16).

നമുക്ക് അവനോട് നിരപ്പിലാകുവാൻ ആവശ്യമായതെല്ലാം, ദൈവം തീരുമാനിച്ചതെല്ലാം നടപ്പാക്കി. നിരപ്പിന്റെ വചനം മുഖാന്തരമാണ്, അവൻ ആ നിരപ്പിന്റെ പരിജ്ഞാനം നൽകിയത്, അത് നമ്മുടെ അകൃത്യങ്ങൾക്കെതിരായി ഇനി ശിക്ഷിക്കാതിരിക്കുവാനായി വെളിപ്പെടുത്തിയിരിക്കുകയാണ് (2 കൊ. 5:19). എങ്ങനെയായാലും, ആ നിരപ്പ് നമ്മിൽനിന്ന് ഒരു പ്രതികരണം ആവശ്യപ്പെടുന്നു. അത് തിരിച്ചറിഞ്ഞു പൗലൊസ് അപേക്ഷിക്കുന്നു, "ആകയാൽ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോട് നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം ഞങ്ങൾ അപേക്ഷിക്കുന്നു" (2 കൊ. 5:20).

(6) ക്രിസ്തുവിൽ ആണ് മനുഷ്യർക്ക് ദൈവത്തോട് സ്നേഹബന്ധം പുലർത്തുവാൻ കഴിയുന്നത്, നിരപ്പ് പ്രാപിക്കുന്ന സ്ഥാനം അതാണ്. "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു" (2 കൊ. 5:19). ദൈവത്തെ കണ്ട് അവന്റെ സ്നേഹിതരാകുവാൻ നാം ക്രിസ്തുവിൽ ആകണം. നാം സ്നാനത്താലാണ് ക്രിസ്തുവിനോട് ചേരുന്നത് (റോമ. 6:3; ഗലാ. 3:26, 27). നാം ക്രിസ്തുവിൽ നിലനിൽക്കുവാൻ, അവന്റെ കൽപനകൾ പ്രമാണിക്കണം (1 യോഹ. 2:3-5).

നാം ആരും നീതിമാന്മാരല്ല. നമ്മുടെ അകൃത്യങ്ങളാണ് നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നത്. അതുകൊണ്ട് താൻ ആരാണെന്നതിനാലും, അവൻ നമ്മെ നിരപ്പിക്കുവാൻ കഴിവുള്ള മദ്ധ്യസ്ഥനാകയാലും, നമുക്ക് അവൻ ആവശ്യമായിരിക്കുന്നു.

### ക്രിസ്തുവിന്റെ സമ്പൂർണ്ണതയും നിരപ്പും (1:20)

നിരപ്പും ക്രിസ്തുവിലുള്ള സമ്പൂർണ്ണതയുമായിരിക്കാം ഒരുപക്ഷെ നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ ഉപകാരം. പാപം കാരണം മനുഷ്യവർഗത്തിൽ എല്ലാവരും ദൈവത്തിൽനിന്ന് അകന്നു കഴിഞ്ഞിരുന്നു (റോമ. 3:10, 23). പാപത്തിൽ മരിക്കുന്നവർക്ക് യേശുവിനോടുകൂടെ ആകുവാൻ കഴിയുകയില്ല. യേശുവിന്റെ മരണം മുഖാന്തരം ലോകത്തിന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുക്കുവാൻ ദൈവം ലോകസ്ഥാപനത്തിനു മുമ്പുതന്നെ പദ്ധതിയിട്ടിരുന്നു.

യേശുവിന്റെ സമ്പൂർണ്ണത നിമിത്തമാണ് നിരപ്പ് സാധ്യമാക്കിയത് (വാ. 20). രക്തം ചിന്തിയാൽ മാത്രമെ പാപങ്ങളിൽനിന്നു മോചനമുള്ളു എന്നാണ് ദൈവം കൽപിച്ചിരുന്നത് (എബ്രാ. 9:22). മൃഗങ്ങളുടെ രക്തത്തിനു പാപങ്ങളെ നീക്കുവാനുള്ള കഴിവില്ലായിരുന്നു (എബ്രാ. 10:4). ദൈവസന്നിധിയിൽ പ്ര

വേശിക്കുവാൻ കഴിവുള്ളത് യേശുവിന്റെ രക്തത്തിനാണ് (എബ്രാ. 10:19, 20).

ദൈവത്തിൽനിന്നു വേർപെട്ട എല്ലാവർക്കും യേശു തന്റെ രക്തം മുഖാന്തരം നിരപ്പിലാകുവാനുള്ള അവസരം ഒരുക്കി. പാപത്തെ നീക്കിയതിനാൽ നിരപ്പ് സാധ്യമായി. ഒരു വ്യവസായി തന്റെ വ്യാപാരത്തിനു പങ്കാളി സഹായിയല്ലാതെവന്നപ്പോൾ, പങ്കാളിയെ വ്യാപാരത്തിൽനിന്നു മാറ്റി. പങ്കാളി ഉദാസീനനായി, ജോലി ചെയ്യാതിരിക്കുന്നേടത്തോളം, പങ്കു ചേർത്തയാൾ അയാളെ പങ്കാളിയായി നിലനിർത്തുവാൻ ആഗ്രഹിക്കുകയില്ല. തന്റെ കടം തീർക്കുകയും, ജോലി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്താൽ അയാളെ യഥാസ്ഥാനപ്പെടുത്തിയേക്കാം. യേശു നമ്മുടെ പാപക്കടം കൊടുത്തു തീർക്കുകയും, ദൈവത്തോട് നമുക്ക് സ്നേഹബന്ധം യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു.

**ശത്രുതാ മനസും നിരപ്പും (1:21)**

ശത്രുതാ മനസുള്ളവർ ദൈവേഷ്ടം അനുസരിക്കുകയില്ല. അവർ മാനസാന്തരപ്പെടാത്തവരും കഠിനഹൃദയരുമാണ്; അവർ "ശാഠ്യം പൂണ്ട്, സത്യം അനുസരിക്കാതെ, അനീതി അനുസരിക്കുന്നവരുമാണ്" (റോമ. 2:5, 8). ഒരു വ്യക്തിക്കും ദൈവത്തിനുമിടയിൽ പാപം നിൽക്കുന്നേടത്തോളം, അവൻ ദൈവത്തിന്റെ ശത്രുവാണ് (യാക്കൊ. 4:4).

ദുഷ്പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ ദൈവത്തിൽനിന്നു അകന്നവവരാണ്. ദൈവേഷ്ടം ചെയ്യാത്തവർ അവന്റെ മുൻപിൽ ദോഷമുള്ളവരാണ്. ദൈവം നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ വെറുക്കുകയും ചെയ്യുന്നു (എബ്രാ. 1:9).

ഒരു അമ്മ അഗാധമായി തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നു. എങ്ങനെയായാലും, ആ അമ്മ വിശുദ്ധമായി വിചാരിച്ചിരുന്നതിനെയെല്ലാം തുടർച്ചയായി അശുദ്ധമാക്കിക്കൊണ്ടിരിക്കുകയും അമ്മയെ തുടർന്നു വേദനിപ്പിക്കുകയും ചെയ്താൽ, ഇങ്ങനെയായാൽ എനിക്ക് നിന്നോട് ഒരു ബന്ധവുമില്ലാതാകും എന്നു അമ്മ പറഞ്ഞുപോകും. പാപത്തോട് ദൈവത്തിനു ശക്തമായ വികാരമാണുള്ളത്. ദൈവത്തെ അനുസരിക്കാതിരിക്കുന്നവർ ദൈവത്തോടു മൽസരിച്ച് ദൈവത്തിൽനിന്ന് അകന്നു പോകുകയാണ്.

**നിരപ്പും പുനഃസൃഷ്ടിയും (1:22, 23)**

യേശു മുഖാന്തരമുള്ള നിരപ്പാണ് നമ്മെ വിശുദ്ധരും, നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമാക്കുന്നത് (വാ. 22). ഒരു ഗ്ലാസ് വെള്ളത്തിൽ മരണകരമായ ഒരു കീടം കിടന്നാൽ അതു മുഴുൻ കുടിക്കുവാൻ പറ്റാത്തതാകും. അതുപോലെ പാപം ഒരു ഭാഗത്തെ മാത്രമല്ല ബാധിക്കുന്നത്, അത് ആത്മാവിനെ മുഴുവൻ മലിനമാക്കും. ആത്മിയ അശുദ്ധിയിലുള്ളവർക്ക് സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല (വെളി. 21:27). യേശുവിന്റെ മരണം മൂലം സകലപാപവും മോചിക്കുവാനുള്ള വഴി തുറന്നു, അങ്ങനെ ന്യായവിധി നാളിൽ നമുക്ക് കുറ്റമില്ലാത്തവരായി ദൈവമുൻപാകെ നിൽക്കാം.

ടൈപ്പു ചെയ്യുന്ന ആൾ ധാരാളം തെറ്റുകൾ വരുത്തിയേക്കാം, എന്നാൽ ഓരോ തെറ്റും തിരുത്തിയാൽ, അയാൾക്ക് തെറ്റ്-ഇല്ലാത്ത ഒരു പേജ് പുറത്തിറക്കാം. താൻ ചിന്തിയ രക്തത്താൽ യേശുവിനെ നമ്മെ പാപ-രഹിതരാക്കി മാറ്റുവാൻ കഴിഞ്ഞു. ഒരിക്കൽ പാപങ്ങൾ ക്ഷമിച്ചു തന്നാൽ പിന്നെ അത്

അവൻ ഓർക്കുകയില്ല (എബ്രാ. 8:12). തനിക്ക് തന്നെ പാപമില്ലാത്ത ഒരു കൂട്ടം ആളുകളെ യേശു നിർത്തുന്നു എങ്കിൽ അതാണ് സഭ (എഫെ. 5:25–27). വചനത്താൽ സഭയെ വിശുദ്ധീകരിച്ച് വെടിപ്പുള്ളവരാക്കിയതിനാലാണ് അത് സാധ്യമാക്കിയത്. ബാങ്കിൽ പണമില്ലെങ്കിൽ, കയ്യിലിരിക്കുന്ന ചെക്കിനു ഒരു വിലയുമില്ല. അതുപോലെ ആളുകളെ ശുദ്ധീകരിപ്പാൻ തക്ക ശക്തി വെള്ളത്തിൽ തന്നെയോ വചനത്തിൽ തന്നെയോ ഇല്ല; എന്നാൽ, ആളുകളെ ശുദ്ധമാക്കുന്നത് യേശുവിന്റെ രക്തത്തിന്റെ ശക്തിയാലുമാണ്.

വിശ്വാസത്തിൽ തുടരുന്നവരെയാണ് (വാ. 23) അവൻ വിശുദ്ധരും, നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തുന്നത്. ആ വാഗ്ദാനം യേശുവിൽ വിശ്വസ്തതയോടെ ജീവിക്കുന്നവർക്കുള്ളതാണ്. അവൻ നമ്മുടെ മണവാളനാണ്, സഭയിലെ ഓരോ അംഗവും, ക്രിസ്തുവാകുന്ന മണവാളന്റെ മണവാട്ടിയാണ് അവിശ്വസ്തയായ ഒരു ഭാര്യയെ ഭർത്താവിന് ഉപേക്ഷിക്കാം (മത്താ. 19:9), തന്നോട് അവിശ്വസ്ത പുലർത്തി ജീവിക്കുന്ന ക്രിസ്ത്യാനികളോടുള്ള ബന്ധം ക്രിസ്തു വിഛേദിക്കും (യോഹ. 15:4–6). യേശുവിന്റെ രക്തത്തിനു പൂർണ്ണശക്തിയുള്ളതിനാൽ, അവനിൽ വിശ്വസ്തത തുടരുന്നവരെ അവൻ ഒരു മണവാളൻ തന്റെ വിശ്വസ്തയായ മണവാട്ടിയെ സ്വീകരിക്കുന്നതുപോലെ സന്തോഷത്തോടെ സ്വീകരിക്കും.

**വിശ്വാസത്തിൽ തുടരുക (1:23)**

യേശുവിന്റെ പ്രവൃത്തിയും നമ്മുടെ വിശ്വസ്തതയും ആശ്രയിച്ചാണ് നമ്മെ വിശുദ്ധരായി ദൈവമുൻപാകെ നിറുത്തുന്നത്. പൗലൊസ് “എങ്കിൽ” എന്ന വാക്ക് ഉപയോഗിച്ച് (വാ. 23) പറയുന്നത് അവന്റെ നിബന്ധനയനുസരിച്ച് മാത്രമാണ് അവന്റെ മുൻപിൽ നിൽക്കുവാൻ കഴിയുന്നത് എന്നാണ്. രക്ഷിക്കപ്പെടുവാൻ നാം വിശ്വാസത്തിൽ നിലനിൽക്കേണ്ടത് ആവശ്യമാണെന്ന് കാണിച്ച് ധാരാളം മുന്നറിയിപ്പുകൾ യേശു പുതിയ നിയമ എഴുത്തുകാരാൽ നൽകിയിരിക്കുന്നു.

ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുവാൻ നാം ...

- തുടർച്ചയായി അവന്റെ ശിഷ്യന്മാരാകുവാൻ അവന്റെ ഉപദേശത്തിൽ തുടരുകയും സ്വതന്ത്രരാകുവാൻ സത്യം അറിയുകയും വേണം (യോഹ. 8:31, 32).
- യേശുവിൽ വസിച്ച് അവന്നു ഫലം കായ്ക്കുക (യോഹ. 15:2–6).
- അവന്റെ സ്നേഹത്തിൽ വസിപ്പാൻ അവന്റെ വചനങ്ങൾ പ്രമാണിക്കുക (യോഹ. 15:9, 10).
- തേജസും മാനവും നിത്യജീവനും ലഭിക്കുവാൻ നന്മയിൽ സ്ഥിരോൽസാഹമുള്ളവരായിരിക്കുക (റോമ. 2:7).
- ദൈവത്തിന്റെ ദയയിൽ തുടരുക (റോമ. 11:22).
- വിശുദ്ധരും നിഷ്ക്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തുവാൻ വിശ്വാസത്തിൽ തുടരുക (കൊലൊ. 1:22, 23).
- രക്ഷ ഉറപ്പാക്കുവാൻ ക്രിസ്തുവിന്റെ ഉപദേശത്തിൽ തുടരുക (1 തിമൊ. 4:16).
- അവന്റെ ഭവനമായി പരിഗണിക്കുവാൻ വിശ്വാസവും പ്രത്യാശയും മുറുകെ പിടിക്കുക (എബ്രാ. 3:6).
- ക്രിസ്തുവിനോടുകൂടെ പങ്കാളിയാകുവാൻ അവസാനത്തോളം ഉറച്ചു നിൽക്കുക (എബ്രാ. 3:14–16).

- അനുഗ്രഹിക്കപ്പെടുവാൻ സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണത്തിൽ ഉറ്റിരിക്കുക (യാക്കൊ. 1:25).
- പിതാവും പുത്രനും ഉണ്ടായിരിക്കുവാൻ യേശുവിന്റെ ഉപദേശത്തിൽ തന്നെ ആയിരിക്കുക (2 യോഹ. 9).

നമ്മെയും വീണുപോകാതിരിക്കുവാൻ മുന്നറിയിച്ചിരിക്കയാണ്. പരീക്ഷണം നിമിത്തം വീണുപോകുവാനിടയുള്ളതായി യേശു വിതെക്കാരന്റെ ഉപമയിൽ പറഞ്ഞിരിക്കുന്നു (ലൂക്കൊ. 8:13). അയോഗ്യനാകാതിരിക്കുവാനായി പൗലൊസ് തന്റെ ശരീരത്തെ ദണ്ഡിപ്പിച്ചിരുന്നു (1 കൊ. 9:27). വീണുപോകുന്നതിനെതിരായി അവൻ യിസ്രായേലിനെ ഉദാഹരണമായി പറഞ്ഞിരിക്കുന്നു (1 കൊ. 10:6–12; എബ്രാ. 4:11). ദൈവത്തിലേക്ക് മടങ്ങി വരാതിരിക്കത്തക്കവണ്ണം ക്രിസ്ത്യാനികൾ വീണുപോകുവാനിടയുണ്ട് (എബ്രാ. 6:6).

നാം ദൈവകൃപയിൽനിന്നു വീണുപോയേക്കാമെന്ന് തിരുവെഴുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നു (ഗലാ. 5:4), വിശ്വാസത്തിൽനിന്നും വീണുപോയേക്കാം (1 തിമൊ. 4:1). വിശ്വാസം തള്ളിക്കളയുന്നവരെ കുറിച്ചു പറയുന്നു (1 തിമൊ. 5:12). സത്യത്തിൽനിന്നു വ്യതിചലിക്കാതെ നാം സ്ഥിരതയുള്ളവരായിരിക്കണം.

അവസാനം വരെ സഹിച്ചു നിന്നാൽ മാത്രമെ നമുക്ക് ദൈവത്തിൽനിന്നു പ്രതിഫലം കിട്ടുകയുള്ളു (മത്താ. 24:13), മടുത്തുപോകയുമരുത് (ഗലാ. 6:9), നിങ്ങളുടെ രക്ഷക്കുവേണ്ടി പ്രവർത്തിപ്പിൻ (ഫിലി. 2:12), യേശുവിനെ അനുസരിക്കുക (എബ്രാ. 5:9), മരണം വരെ വിശ്വസ്തരായിരിക്കുക (വെളി. 2:10), ലോകത്തിന്റെ മാലിന്യത്തിൽ കുടുങ്ങരുത് (2 പത്രൊ. 2:20), ദൈവേഷ്ടം ചെയ്തുകൊണ്ടിരിക്കുക (1 യോഹ. 2:15–17). നമ്മുടെ പേർ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നത് മായ്ച്ചു കളയാതിരിക്കുവാൻ നാം ദുഷ്പ്രവൃത്തികളിലേക്ക് തിരിയരുത് (വെളി. 3:5). ജീവപുസ്തകത്തിൽ പേരെഴുതാത്തവരെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയും (വെളി. 20:15).

വിശ്വാസത്തിൽനിന്നു വീണുപോയി നഷ്ടപ്പെടാതിരിക്കുവാൻ ക്രിസ്ത്യാനികൾ സൂക്ഷിക്കണം. നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കുവാൻ, നാം വിശ്വാസത്തോട് ചില മനോഗുണങ്ങൾ വർദ്ധിപ്പിക്കണം (2 പത്രൊ. 1:5–11). നാം ഇവയെല്ലാം ചെയ്താൽ ഒരിക്കലും വീഴാതിരിക്കും.

നമുക്കെതിരായി കുറ്റമൊന്നും ആരോപിക്കാതെ, നമ്മെ ദൈവസന്നിധിയിൽ നിറുത്തുവാൻ യേശു വഴി ഒരുക്കി. എങ്ങനെയായാലും, അവൻ അങ്ങനെ ചെയ്തെങ്കിലും, നാം വിശ്വാസത്തിൽ നിലനിൽക്കണം നാം ദൈവത്തിന്റെ ജീവവഴി പിൻതുടർന്നില്ലെങ്കിൽ, നാം ഛേദിക്കപ്പെടും; നാം അവനെ പിൻപറ്റിയാൽ, ഒരിക്കലും വീഴുകയില്ല (യോഹ. 15:6; റോമ. 11:22).

---

കുറിപ്പുകൾ

[1]ഡേവിഡ് എം. ഹേ, *കൊലൊഷ്യൻസ്*, അബിങ്ഡൺ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (നാഷ്വിലേ: അബിങ്ഡൺ പ്രസ്, 2000), 68. [2]"വിശ്വാസം" ഈ അർത്ഥത്തിൽ, മറ്റു വിവിധ വേദഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്, എഫെസ്യർ 4:5; ഫിലിപ്പിയർ 1:27; 2:17; 1 തിമൊഥെയൊസ് 1:2; 3:9; 4:1; 5:8; 6:10, 21; 2 തിമൊഥെയൊസ് 3:8; 4:7; തിത്തൊസ്. 1:1, 13; എബ്രായർ 12:2; യൂദാ 3.